കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനം

297 (2535) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും ഹജ്ജ് കാര്യവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ആകെ പട്ടികവർഗ്ഗ ജനസംഖ്യ, പട്ടികവർഗ്ഗ കുടുംബങ്ങൾ എന്നിവ സംബന്ധിച്ച പഞ്ചായത്ത് തിരിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ജില്ലയിൽ എത്ര ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിലെ മറാഠി വിഭാഗം കൂടി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെട്ട സാഹചര്യത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ജനസംഖ്യാനുപാതികമായി ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കേണ്ട അർഹമായ ഫണ്ട് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 48857 ആണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. 29-1-2014-ലെ സ.ഉ.(കൈ)നമ്പർ 06/2014/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം മറാഠി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ കാസർഗോഡ് ജില്ലയിലെ ഇപ്പോഴത്തെ പട്ടികവർഗ്ഗ ജനസംഖ്യ 81937 ആണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ മൂന്ന് ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ മാരാണുള്ളത്.

(സി) കാസർഗോഡ് ജില്ലയിൽ മറാഠി വിഭാഗം കൂടി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെട്ട സാഹചര്യത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

(ഡി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ജനസംഖ്യാനുപാതികമായി അനുവദിക്കുന്നത് സംസ്ഥാന ധനകാര്യ കമ്മീഷനായതിനാൽ കാസർഗോഡ് ജില്ലയിലെ ഈ പ്രശ്നം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly